# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2878**.

**13-03-2018 ൽ മറുപടിയ്ക്ക്**

## മെത്രാൻ കായലിൽ നെൽകൃഷി

**ചോദ്യം**

ശ്രീ.റോജി എം. ജോൺ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മെത്രാൻ കായലിൽ എത്ര ഏക്കർ സ്ഥലത്താണ് നെൽകൃഷി പുനരാരംഭിച്ചതെന്നും സർക്കാരിന്റെ ആഭിമുഖ്യത്തിലാണോ നെൽകൃഷി നടത്തുന്നതെന്നും വിശദമാക്കാമോ; | (എ) | 404 ഏക്കർ വിസ്തൃതിയുള്ള മെത്രാൻ കായൽ പാടശേഖരത്തിൽ 300 ഏക്കറിൽ നെൽകൃഷി 2016-17 വർഷം പുനരാരംഭിക്കുകയുണ്ടായി. കർഷക ഉടമസ്ഥതയിലുള്ള 24 ഏക്കർ സ്ഥലത്ത് സർക്കാർ സഹായത്തോടെയും വിവിധ കമ്പനികളുടെ ഉടമസ്ഥതയിലുള്ള 276 ഏക്കറിൽ പ്രാദേശിക സന്നദ്ധ സംഘടനകൾ സ്വന്തം നിലയ്ക്കും കൃഷി ചെയ്തു. 2017-18 വർഷത്തിൽ 404 ഏക്കർ സ്ഥലത്ത് കൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 09/03/2018-ന് കൊയ്ത്ത് ആരംഭിച്ചു. ഏകദേശം 930 മെട്രിക് ടൺ ഉത്പ്പാദനം പ്രതീക്ഷിക്കുന്നു. |
| (ബി) | നെൽകൃഷി നടത്തുന്നതിന് ബണ്ട് കെട്ടുന്നതിനും പാടശേഖരം ഒരുക്കുന്നതിനും കൃഷിക്കുമായി ആദ്യതവണ കൃഷിയിറക്കിയപ്പോൾ എന്ത് തുക ചെലവായിയെന്ന് അറിയിക്കാമോ; | (ബി) | നെൽകൃഷി നടത്തുന്നതിനും ബണ്ട് കെട്ടുന്നതിനും പാടശേഖരം ഒരുക്കുന്നതിനും കൃഷിക്കുമായി ആദ്യതവണ കൃഷിയിറക്കിയപ്പോൾ 61,49,069 ലക്ഷം രൂപ ചെലവായി. |
| (സി) | പ്രസ്തുത കൃഷിയിൽ നിന്നും എത്ര ക്വിന്റൽ നെല്ല് ലഭിച്ചുവെന്നും അതിലൂടെ ലഭിച്ച ആകെ വരുമാനമെത്രയെന്നും വെളിപ്പെടുത്തുമോ? | (സി) | പ്രസ്തുത കൃഷിയിൽ നിന്നും ഏകദേശം 600 ടൺ മൊത്ത വിളവ് ലഭിച്ചു. ഓയിൽ പാം ഇന്ത്യയുടെ വെച്ചൂരിലുള്ള മോഡേൺ റൈസ് മിൽ വഴി 356.3 മെട്രിക് ടൺ നെല്ല് സംഭരിച്ചതിൽ കർഷകർക്ക് 81.274 ലക്ഷം രൂപയുടെ വരുമാനം ലഭിച്ചു. കൂടാതെ സ്വകാര്യ മില്ലുകൾ വഴിയും നെല്ല് സംഭരിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ